**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 101** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ആദിവാസി കൈവശ ഭൂമി പട്ടയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഫാത്തിമ തഹിലിയ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** മലയോര ആദിവാസി മേഖലകളിൽ ദീർഘനാളായി കൈവശം വെച്ച് കൃഷി ചെയ്തുവരുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്. 1977 ജനുവരി 1-ന് മുൻപായി വനഭൂമിയിൽ കുടിയേറ്റം നടത്തി ദീർഘനാളായി കൈവശം വെച്ച് കൃഷി ചെയ്തുവരുന്ന അർഹരായ കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സർക്കാർ വിപുലമായ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി കൈവശക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി 2025-ൽ രണ്ട് ഘട്ടങ്ങളിലായി (ഒന്നാം ഘട്ടം - 2025 മാർച്ച് 1 മുതൽ 30 വരെ, രണ്ടാം ഘട്ടം - 2025 ജൂലൈ 10 മുതൽ 31 വരെ) പ്രത്യേക വിവരശേഖരണം നടത്തുകയുണ്ടായി. ഇത്തരത്തിൽ കേരളത്തിലെ 12 ജില്ലകളിൽ നിന്നായി 59,000-ൽ അധികം കൈവശക്കാരുടെ വിവരങ്ങൾ ക്രോഡീകരിക്കുകയും അവ സംയുക്ത പരിശോധനാ നടപടികൾക്കായി വനംവകുപ്പിന്റെ മുഖ്യകാര്യാലയത്തിന് കൈമാറുകയും ചെയ്തിരുന്നു. തുടർന്ന്, ഇത്തരക്കാർക്കായി പട്ടയം അനുവദിക്കുന്നതിന്റെ ഭാഗമായി സംയുക്ത പരിശോധനാ നടപടികൾ 2025 ഡിസംബർ 30 വരെയായി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുകയും സംയുക്ത പരിശോധനാ നടപടികളുമായി ബന്ധപ്പെട്ട പുറപ്പെടുവിച്ച വിവിധ മാർഗ്ഗ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് 6/11/2025 ൽ REV-L1/235/2025-REV നമ്പറായി സർക്കുലർ പുറപ്പെടുവിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ നിലവിൽ തുടർന്ന് വരുന്നുണ്ട്. ഇത്തരം നടപടികൾ പൂർത്തിയാക്കിയശേഷം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 'PARIVESH' പോർട്ടൽ മുഖേന കേന്ദ്രാനുമതിക്കായി അതാതു ജില്ലാ കളക്ടർമാർ അപേക്ഷിക്കുകയും കേന്ദ്ര ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പട്ടയ വിതരണം പൂർത്തിയാക്കുന്നതുമാണ്.

**(ബി)** കാർഷിക ലോൺ ഉൾപ്പെടെയുള്ള ലോൺ ലഭിക്കുന്നതിനായി പട്ടയം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

**<u>മറുപടി:</u>** കാർഷിക ലോൺ ഉൾപ്പെടെയുള്ള ലോൺ ലഭിക്കുന്നതിനായി മാത്രം പട്ടയം അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**